**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1886** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആർ.സി., ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആർ.സി., ഡ്രൈവിംഗ് ലൈസൻസ് കാർഡുകളുടെ വിതരണം കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ആർ. സി., ഡ്രൈവിംഗ് ലൈസൻസ് കാർഡുകൾ കാലതാമസം വരാതെ പ്രിന്റിംഗ് നടത്തുവാൻ ഐ.റ്റി. ഐ. ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ടി സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകിയിട്ടുമുണ്ട്. കാർഡുകളുടെ വിതരണം കാര്യക്ഷമമായി നടന്നു വരുന്നു.<br><br>സംസ്ഥാനത്ത് നിലവിൽ പുതുതായി അപേക്ഷ നൽകിയ ഏകദേശം 3,60,000-ത്തോളം ലൈസൻസുകളും 4,80,000-ത്തോളം ആർ. സി.-കളും പ്രിന്റ് ചെയ്യേണ്ടതായിട്ടുണ്ട്. നിലവിൽ പൂർണ്ണതോതിൽ പ്രിന്റിംഗ് നടക്കുന്നതിനാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവ പൂർണ്ണമായും പ്രിന്റ് ചെയ്യുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ